"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവം 2025-26 - നിലയ്ക്കലിൽ ആരംഭിച്ചിട്ടുള്ള കൺട്രോൾ റൂമിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.4399/2025/HOME തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:- 1) സംസ്ഥാന പോലീസ് മേധാവിയുടെ 28.10.2025 തീയതിയിലെ എച്ച്7-202415/2025/പി.എച്ച്.ക്യൂ നമ്പർ കത്ത്.

2) സ.ഉ.(കൈ) നം. 154/2025/ധന തീയതി 25.11.2025.

**<u>ഉത്തരവ്</u>**

2025-26 വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച്, ഭരണപരമായ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നിലയ്ക്കലിൽ ഒരു താൽക്കാലിക പോലീസ് സ്റ്റേഷനും, കൺട്രോൾ റൂമും പ്രവർത്തിക്കുന്നുണ്ടെന്ന് സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം അറിയിച്ചിരുന്നു. എന്നാൽ നിലവിൽ നിലയ്ക്കൽ കൺട്രോൾ റൂം പ്രവർത്തിക്കുന്ന കെട്ടിടത്തിലെ ഫർണിച്ചറുകൾ, കമ്പ്യൂട്ടർ സംവിധാനങ്ങൾ തുടങ്ങിയ അവശ്യ ഉപകരണങ്ങളുടെ കുറവ് കൺട്രോൾ റൂമിന്റെ സുഗമമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നുവെന്നും ആയതിനാൽ ഇവിടേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിന് 72,892/- രൂപയുടെ ഭരണാനുമതിയും ഫണ്ടും 2055-00-109-99-00-34 OC എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, 2025-26 വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് നിലയ്ക്കലിൽ ആരംഭിച്ചിട്ടുള്ള കൺട്രോൾ റൂമിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി 72,892/- രൂപയ്ക്ക് (എഴുപത്തിരണ്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിരണ്ട് രൂപ മാത്രം) ചുവടെപ്പറയുന്ന ഫർണിച്ചർ 2055-00-109-99-34-03 എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് വാങ്ങുന്നതിന് പരാമർശം(2) പ്രകാരം നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവിൽ ഇളവു നൽകിക്കൊണ്ട് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | തുക (രൂപ) |
|---|---|---|---|---|
| 1 | Arm Chair — Hard wood Arm Chair Seat and Back Rattened | 10 | 3,749.6 | 37,496 |
| 2 | Table — 120x60x75 cm | 2 | 5,075 | 10,150 |
| 3 | Computer Table - 90x60x75 cm with sliding keyboard and laminated plywood keyboard | 2 | 5,873 | 11,746 |
| 4 | Almirah | 1 | 13,500 | 13,500 |

| | | | | |
|---|---|---|---|---|
| | ആകെ | | | 72,892/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജീവ് മാത്യു
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (16.12.2025 ലെ വ്യയം-എ3/507/2025-ധന (3345764) പ്രകാരം)
ഡയറക്ടർ, ഐ&പിആർഡി. (വെബ്&ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Divya R S
സെക്ഷൻ ഓഫീസർ
Date: 19-12-2025 12:00:40